# പതിമൂന്നാംകേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1028** 03-12.2014 - ൽ മറുപടിക്ക്

## വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സർക്കാർ സംരംഭമാണോ; എന്തെല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) | വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സർക്കാർ സംരംഭമാണ്. 1956-ലെ കമ്പനി നിയമപ്രകാരമാണ് പ്രസ്തുത കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. |
| (ബി) ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി കോർപ്പറേഷൻ സംയക്ത സംരംഭത്തിലേർപ്പെട്ടിട്ടുണ്ടോ; ഏത് നടപടി ക്രമത്തിലൂടെയാണ് സ്വകാര്യ പങ്കാളിയെ കണ്ടെത്തിയത്; വിശദമാക്കുമോ; | (ബി) | ഒരു സ്വകാര്യ കമ്പനിയുമായും കോർപ്പറേഷൻ ഇതുവരെയും യാതൊരുവിധ സംയുക്ത സംരംഭത്തിലും ഏർപ്പെട്ടിട്ടില്ല. |
| (സി) കോർപ്പറേഷന്റെ സംരംഭങ്ങൾ സംബന്ധിച്ച വിശദവിവരവും ബോർഡംഗങ്ങൾ ആരൊക്കെയാണെന്നതിന്റെ ലിസ്റ്റും ലഭ്യമാക്കാമോ ? | (സി) | കോർപ്പറേഷൻ നിലവിൽ ഏറ്റെടുത്തിട്ടുള്ള സംരംഭങ്ങൾ താഴെപ്പറയുന്നവയാണ്.<br>1) സെന്റർ ഫോർ പെർഫോമിംഗ് ആർട്ട്സ്, വർക്കല.<br>കേരളത്തിന്റെ കലയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സംരംഭമാണിത്. ഇതിനായി 10 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്.<br><br>2) വർക്കലയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.<br>കേന്ദ്രസർക്കാർ ഏജൻസിയായ റൈറ്റ്സ് ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആയതിന്റെ കരട് പദ്ധതി തയ്യാറായിട്ടുണ്ട്. |

3) വർക്കല പാപനാശം ബലിമണ്ഡപം.

വർക്കല പാപനാശത്ത് ബലിതർപ്പണം നടത്തുന്നതിന് എത്തുന്ന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് കോർപ്പറേഷൻ ഈ മണ്ഡപം നിർമ്മിച്ചിരിക്കുന്നത്.

4) ജിയോ പാർക്ക് മ്യൂസിയം

2014 മെയ് മാസം 28-ാം തീയതി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വർക്കല കുന്നുകളെ (ക്ലിഫുകൾ) ജിയോ ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ചു. ഇതിന്റെ തുടർനടപടിയായി ഈ കുന്നുകൾക്ക് യുണേസ്കോ ജിയോ പാർക്ക് എന്ന പദവി ലഭിക്കേണ്ടതും ആയതിന്റെ ഭാഗമായി ഇവിടെ ഒരു ജിയോ പാർക്ക് മ്യൂസിയം സ്ഥാപിക്കേണ്ടതും ആവശ്യമാണ്. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

ഈ കോർപ്പറേഷന്റെ നിലവിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ശ്രീ. ഉമ്മൻ ചാണ്ടി,
   ബഹു.മുഖ്യമന്ത്രി- ചെയർമാൻ

2. ശ്രീ. കെ.സി.ജോസഫ്,
   ബഹു. ആസൂത്രണമന്ത്രി -
   കോ- ചെയർമാൻ

3. ശ്രീ.വർക്കല കഹാർ,
   എം.എൽ.എ.-
   വൈസ് ചെയർമാൻ

4. ശ്രീ.എ. സമ്പത്ത്,
   ബഹു.എം.പി. -ഡയറക്ടർ

5. ശ്രീമതി.അൻസജിത റസ്സൽ,
   ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്,
   തിരുവനന്തപുരം-ഡയറക്ടർ

6. ശ്രീ.പി. മാര പാണ്ഡ്യൻ,
പ്രിൻസിപ്പൽ സെക്രട്ടറി,
ആസൂത്രണ സാമ്പത്തിക കാര്യ
വകുപ്പ് - ഡയറക്ടർ

7. പ്രൊഫസർ.
വി.എൻ. രാജശേഖരൻ പിള്ള,
എക്സ്.ഒഫീഷിയോ,
പ്രിൻസിപ്പൽ സെക്രട്ടറി,
KSCSTE - ഡയറക്ടർ

8. ശ്രീ. സുമൻ ബില്ല,
സെക്രട്ടറി, ടൂറിസം - ഡയറക്ടർ

9. ശ്രീ.ജി.സി.ഗോപാല പിള്ള,
എം.ഡി., കിൻഫ്ര - ഡയറക്ടർ

10. ശ്രീ. കെ.പി. ചന്ദ്രമോഹൻ,
അഡീഷണൽ സെക്രട്ടറി,
ധന വകുപ്പ് - ഡയറക്ടർ

11. ശ്രീ. ബിജു പ്രഭാകർ,
ജില്ലാ കളക്ടർ,
തിരുവനന്തപുരം - ഡയറക്ടർ

12. ശ്രീ. വി. രാമചന്ദ്രൻ പോറ്റി,
എം.ഡി - ഡയറക്ടർ

(ഡി) ഇതിനകം സർക്കാർ കോർപ്പറേഷന് നൽകിയ ഫണ്ട് എത്രയാണെന്നും സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കോർപ്പറേഷൻ ഏതെല്ലാം തരത്തിലുള്ള പങ്കാളിത്ത കരാറിലാണ് ഉൾപ്പെട്ടിരിക്കുന്ന തെന്നും കോർപ്പറേഷന്റെ നിർദ്ദിഷ്ട പദ്ധതികളെല്ലാം സർക്കാർ അനുമതി യോട് കൂടിയാണോ നടക്കുന്ന തെന്നും വിശദമാക്കാമോ?

(ഡി) 2011-12 മുതൽ ഇതുവരെ സർക്കാർ ഈ കോർപ്പറേഷന് മൊത്തം 7.50 കോടി രൂപ നൽകിയിട്ടുണ്ട്.

സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കോർപ്പറേഷൻ ഇതുവരെയും യാതൊരുവിധ പങ്കാളിത്ത കരാറിലും ഏർപ്പെട്ടിട്ടില്ല.

കോർപ്പറേഷൻെറ നിർദ്ദിഷ്ട പദ്ധതികളെല്ലാം ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റേയും അനുമതിയോടുകൂടിയാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ